സേവനാവകാശ നിയമം

18 (1882) ശ്രീ. എം. എ. ബേബി :
ശ്രീ. ജെയിംസ് മാത്യു :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നിലവിൽ വന്നതോടെ പൗരാവകാശങ്ങൾ പൂർണ്ണമായും പാലിക്കപ്പെടുന്നുണ്ടോ ;

(ബി) സേവനാവകാശ നിയമം നിലവിൽ വന്നിട്ടും സർക്കാർ ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ ഇപ്പോഴും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു ;

(സി) ലഭിച്ച അപേക്ഷകൾ വിവിധ സർക്കാർ ഓഫീസുകളിൽ നിശ്ചിത സമയ പരിധിക്കകം തീരുമാനം ഉണ്ടാകാതെ കെട്ടിക്കിടക്കുന്നതായി പരിശോധിക്കപ്പെട്ടിട്ടുണ്ടോ : സർക്കാർ വകുപ്പുകളിൽ നിശ്ചിത പരിധി കഴിഞ്ഞ് കെട്ടിക്കിടക്കുന്ന ഫയലുകൾ സംബന്ധിച്ച ലഭ്യമായ കണക്കുകൾ വിശദമാക്കാമോ ;

(ഡി) പ്രാബല്യത്തിലുള്ള സേവനാവകാശ നിയമം നടപ്പിൽ വരുത്തുന്നതിന് സർക്കാർ ഒഫീസുകളെ സജ്ജമാക്കാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) വിവരാവകാശ നിയമം, സേവനാവകാശ നിയമം എന്നിവ നടപ്പിലാക്കിയിട്ടുള്ളത് പൗരാവകാശങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ്.

(ബി&സി) സേവനാവകാശ നിയമപ്രകാരം സമർപ്പിക്കേണ്ട അപേക്ഷ എന്തെന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്കിടിയിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ ആയത് വ്യക്തമാക്കിക്കൊണ്ട് 15-11-2014-ലെ 16203/എ.ആർ. 12(1)/13/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ പ്രകാരം സേവനാവകാശ നിയമ പ്രകാരമുള്ള സേവനങ്ങൾ ലഭിക്കുന്നതിന് കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം പ്രത്യേക അപേക്ഷകളൊന്നും നൽകേണ്ടതില്ലെന്നും സേവനങ്ങൾ നൽകുന്നതിനുവേണ്ടി സർക്കാർ ഓഫീസുകളിൽ/സ്ഥാപനങ്ങളിൽ ലഭിക്കുന്ന അപേക്ഷകൾ കേരള സംസ്ഥാന. സേവനാവകാശ നിയമപ്രകാരം പ്രസ്തുത വകുപ്പുകൾ ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുള്ളവയാണെങ്കിൽ അത്തരം എല്ലാ അപേക്ഷകളും വിജ്ഞാപന

LIBRARY ARCHIVES Kerala Legislative Assembly

പ്രകാരമുള്ള നിശ്ചിത സമയപരിധിക്കുള്ളിൽ തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനും ഓരോ വകുപ്പും സ്ഥാപനവും കേരള സംസ്ഥാന സേവനാവകാശ നിയമപ്രകാരം നൽകിയ സേവനങ്ങൾ സംബന്ധിച്ച സമാഹൃത റിപ്പോർട്ട്, പ്രതിമാസ പത്രികയായി നിശ്ചിത മാതൃകയിൽ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ മുഖേന ഓരോ മാസവും 5-ാം തീയതിക്കു മുമ്പായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് ലഭ്യമാക്കേണ്ടതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന സേവനാവകാശ നിയമം, 2012 സംബന്ധിച്ച പ്രവർത്തനങ്ങളുടെ വിലയിരുത്തൽ ഐ.എം.ജി. ഡയറക്ടറുടെ മേൽനോട്ടത്തിൽ പ്രാഗത്ഭ്യമുള്ള ഏതെങ്കിലും സർക്കാർ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കി വിലയിരുത്തൽ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കാൻ ഐ.എം.ജി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സേവനാവകാശ നിയമത്തിന്റെ വിലയിരുത്തലിനായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം സ്ഥാപിക്കാൻ വിവര സാങ്കേതിക വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) എല്ലാ സർക്കാർ ഓഫീസുകളിലും/സ്ഥാപനങ്ങളിലും സേവനാവകാശ നിയമം നടപ്പിലാക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സേവനാവകാശ നിയമം-വീഴ്ച പരിശോധിക്കാൻ നടപടി

19 (1883) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനാവകാശ നിയമം നടപ്പിലാക്കിയ വകുപ്പുകളിൽ അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) ഇതിൽ വീഴ്ചയുണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത്; ഇതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ&ബി) കേരള സംസ്ഥാന സേവനാവകാശ നിയമം, 2012, 1-11-2012 മുതൽ നിലവിൽ വന്നു. ടി നിയമവും ചട്ടങ്ങളും സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 23-11-2012, 19-2-2013 എന്നീ തീയതികളിലെ 21145/ എ.ആർ.12/(1)/12/ഉ.ഭ.പ.വ., 20-12-2012-ലെ 14944/എ.ആർ.12(1)/12/ഉ.ഭ.പ.വ., 4-10-2013-ലെ 16203/എ.ആർ. 12(1)/13/ഉ.ഭ.പ.വ. എന്നീ സർക്കുലറുകൾ പ്രകാരം ടി നിയമം നടപ്പിലാക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേക്കും കേരള സംസ്ഥാന സേവനാവകാശ

LIBRARY ARCHIVES Kerala Legislative Assembly